**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**
**(ഹയർസെക്കന്ററി വിഭാഗം), ജഗതി, തിരുവനന്തപുരം-695 014**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർസെക്കന്ററി വിഭാഗം – ജീവനക്കാര്യം – ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകരുടെ 2025-2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ശേഷമുള്ള ഒഴിവുകളിലേക്ക് അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ HSE/12161/2025 – Ad.C6 തീയതി :07-08-2025**

പരാമർശം : (1) 02/03/2019 ലെ സ.ഉ (സാധാ) നമ്പർ 838/19/പൊ.വി.വ

(2) 25/05/2025 ലെ എച്ച്.എസ്.ഇ/3698/2025 - എഡി.സി6 നമ്പർ ഉത്തരവ്.

(3) 23/07/2025 ലെ HSE/12161/2025 – എഡി.സി 6 നമ്പർ സർക്കുലർ.

(4) 01/08/2025 ലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക.

## ഉത്തരവ്

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ 2025-2026 വർഷത്തെ പൊതുസ്ഥലംമാറ്റം പരാമർശം (2) ഉത്തരവ് പ്രകാരം നടപ്പാക്കിയിരുന്നു. പരാമർശം (1) ലെ ട്രാൻസ്ഫർ നോംസിൽ പൊതുസ്ഥലംമാറ്റത്തിനു ശേഷം നിലനിൽക്കുന്ന ഒഴിവുകളിലേക്ക് മൂന്നു വർഷം പൂർത്തിയാകാത്തവർ ഉൾപ്പെടെ എല്ലാ സർക്കാർ ഹയർസെക്കൻഡറി അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2025-2026 പൊതുസ്ഥലംമാറ്റത്തിനു ശേഷമുള്ള ഒഴിവുകളിലേക്ക് അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിനുള്ള ഓൺലൈൻ അപേക്ഷ 25/07/2025 മുതൽ 31/07/2025 വരെ www.dhsetransfer.kerala.gov.in മുഖേനെ പരാമർശം (3) പ്രകാരം ക്ഷണിച്ചിരുന്നു. പ്രിൻസിപ്പൽമാർ മുഖേനെ ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് 25/05/2025 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിന് ശേഷമുള്ള ഒഴിവുകളിലേക്കുള്ള സ്ഥലംമാറ്റത്തിന്റെ പ്രൊവിഷണൽ ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) കരട് സ്ഥലംമാറ്റ ലിസ്റ്റിലെ അപാകതകളും, ആക്ഷേപങ്ങളും പരിഹരിച്ച് പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ അധ്യാപകരുടെ 2025-2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനു ശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്കുള്ള ട്രാൻസ്ഫർ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നടപ്പാക്കി ഉത്തരവാകുന്നു. ഇപ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ അധ്യാപകരുടെയും സ്റ്റാറ്റസ് കണ്ടീഷണലായി dhsetransfer site ൽ update

ചെയ്യുന്നതാണ്.

ബന്ധപ്പെട്ട അധ്യാപകർ ഈ സ്ഥലംമാറ്റ ഉത്തരവും ലിസ്റ്റും സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് സ്ഥലംമാറ്റം ലഭിച്ച സ്കൂളുകളിൽ ഉത്തരവ് തീയതി മുതൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

Signed by
Shanavas S
Date: 07-08-2025 16:58:39

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട അധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. സെക്രട്ടറി, പൊതുവിദ്യാഭ്യാസ (സി) വകുപ്പ്
4. സി.ഇ.ഒ കൈറ്റ്
5. കരുതൽ ഫയൽ/അധികം